## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3862**

**19/02/2013 - ൽ മറുപടിയ്ക്ക്**

**വനിതാ സിവിൽ പോലീസ് ആഫീസർമാർക്ക് അഡ്വൈസ് ലഭിച്ച ജില്ലയിൽ നിയമനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ)കൊല്ലം ജില്ലയിൽ അഡ്വൈസ് ചെയ്ത് നിയമനം ലഭിച്ചശേഷം വേക്കൻസിയില്ല എന്ന കാരണത്താൽ എത്ര വനിതാ സിവിൽ പോലീസ് ആഫീസർമാർ, അന്യ ജില്ലകളിൽ ജോലി നോക്കി വരുന്നു; | (എ) | 36 പേർ |
| (ബി)അവർക്ക് നിയമനം ലഭിച്ച കൊല്ലം ജില്ലയിലേയ്ക്ക് തിരിച്ചുവരുന്നതിൽ നിയമ തടസ്സമുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഒഴിവില്ല എന്നതല്ലാതെ മറ്റ്തടസ്സങ്ങളൊന്നും നിലവിലില്ല. |
| (സി)മറ്റ് ജില്ലകളിൽ ഇപ്രകാരമുള്ള വനിതാ സിവിൽ പോലീസ് ഓഫീസർമാർ ജോലി നോക്കി വരുമ്പോൾ ട്രാൻസ്ഫർവഴി കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര പേർ ജോലിയിൽ പ്രവേശിച്ചു എന്നും അവർ എവിടെയെല്ലാം ജോലി നോക്കുന്നു എന്നുമുള്ള വിവരം വെളിപ്പെടുത്തുമോ ? | (സി) | ട്രാൻസ്ഫർവഴി കൊല്ലം ജില്ലയിലേക്ക് 157 പേരെ കെ.എ. പി 3 ബറ്റാലിയനിൽ നിന്നും, 11 പേരെ മറ്റ് ജില്ലകളിൽ നിന്ന് അന്തർജില്ലാ സ്ഥലം മാറ്റം വഴിയുമാണ് നിയമിച്ചിട്ടുള്ളത്. ട്രാഫിക് പോലീസ് സ്റ്റേഷനും കോസ്റ്റൽ പോലീസ് സ്റ്റേഷനും ഒഴികെയുള്ള സ്റ്റേഷനുകളിൽ ഇവർ ജോലിനോക്കി വരുന്നു. |

സെക്ഷൻ ഓഫീസർ